പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6165 31.10.2011-ൽ മറുപടിയ്ക്ക്

ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ നടപടി.

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജലസംഭരണികളിൽ ആവശ്യത്തിന് ജലം ഉണ്ടായിട്ടും ലോഡ് ഷെഡ്ഡിംഗ് വേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം ജലലഭ്യതയ്ക്കു വിധേയമായി പരാമാവധി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രതിസന്ധി പരിഹരിക്കാനായി എൻ. റ്റി. പി. സി കായംകുളം നിലയത്തിൽ നിന്നും കെ. എസ്. ഇ. ബി. യുടെ ബ്രഹ്മപുരം നിലയത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ലഭ്യമായ സ്രോതസ്സുകളിൽ നിന്നെല്ലാം മെറിറ്റ് ഓർഡർ അനുസരിച്ച് വൈദ്യുതി വാങ്ങുന്നുണ്ട്. കൂടാതെ പത്ര/ദൃശ്യ മാധ്യമങ്ങൾ വഴി വൈദ്യുതിയുടെ ദുരുപയോഗം കുറയ്ക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേന്ദ്ര വിഹിതം ആയി സംസ്ഥാനത്തിനു ലഭ്യമാകുന്ന വൈദ്യുതിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന്, കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.